**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1038** **30.09.2016-ൽ മറുപടിയ്ക്ക്**

# `പകൽ വീട്` പദ്ധതി

**ചോദ്യം** **ഉത്തരം**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ.കെ.ടി.ജലീൽ**
**(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിരുന്ന `പകൽ വീട്` പദ്ധതിയ്ക്ക് ആവശ്യമായ തുക ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന "പകൽ വീട്" പദ്ധതിക്ക്, സാമൂഹിക നീതി വകുപ്പിൽ നിന്നും നൽകി വന്നിരുന്ന ഗ്രാന്റ് 2013-14 സാമ്പത്തിക വർഷം മുതൽ നിർത്തിവച്ചിരിക്കുകയാണ്. 2013-14 വർഷം മുതലുള്ള ബജറ്റുകളിൽ ഇതിനായി തുക വകയിരുത്തിയിട്ടില്ല. |
| (ബി) | ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 4,87,334/- രൂപയ്ക്ക് ഓഡിറ്റ് വകുപ്പ് ഉന്നയിച്ച തടസ്സവാദം നീക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് 4,87,334/- രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഉന്നയിച്ച തടസ്സം ഒഴിവാക്കുന്നതിനായി കുറ്റിപ്പുറം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി തുടർന്നും നടത്തുവാൻ ആവശ്യമായ നിർദ്ദേശം ബ്ലോക്ക് പഞ്ചായത്തിന് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ബ്ളോക്ക് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വികസന ഫണ്ടിന്റെ 10% തുക വൃദ്ധർ, വികലാംഗർ, കുട്ടികൾ, എന്നിവരുടെ ക്ഷേമത്തിനായി മാറ്റിവയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും, പകൽവീട് പദ്ധതി നടത്തിപ്പിനായി പഞ്ചായത്തിന് ഫണ്ട് കണ്ടെത്താവുന്നതാണ്. ബ്ളോക്ക് പഞ്ചായത്തിന് മറ്റു തദ്ദേശ സർക്കാരുകളിൽ നിന്നും സഹായം സ്വീകരിക്കുന്നതിനും തടസ്സമില്ല. |

**സെക്ഷൻ ഓഫീസർ**